പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3764 | 14.03.2017 -ൽ മറുപടിക്ക്.

## പാചകവാതക തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീമതി സി.കെ. ആശ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പാചകവാതകത്തിന്റെ അളവിലും തൂക്കത്തിലും തട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ബോട്ട് ലിംഗ് പ്ലാന്റിൽ നിന്ന് ലഭ്യമാകുന്ന പാചകവാതക സിലിണ്ടറുകൾ വിതരണ ഏജൻസികൾ പരിശോധന നടത്തി കൃത്യമായ അളവ് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. എങ്കിലും അളവിൽ വ്യത്യാസമുണ്ടാകുന്ന ചില കേസ്സുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ തട്ടിപ്പ് നടത്തുന്ന ഓയിൽ കമ്പനികൾക്കെതിരെ എന്ത് ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) എറണാകുളത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻഡെയ്ൻ (എൽ.പി.ജി) ബോട്ടിലിംഗ് പ്ലാന്റിൽ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തി ടി ഓയിൽ കമ്പനിക്കെതിരെ കേസ്സ് എടുക്കുകയും 7.5 ലക്ഷം രൂപ (ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രാജി ഫീസ് ചുമത്തിയിട്ടുണ്ട്. |
| (സി) പാചക വാതക സിലിണ്ടറുകൾക്ക് വിതരണ കമ്പനികൾ എം.ആർ.പി. യെക്കാൾ അധികം വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) ഇല്ല. എങ്കിലും പാചകവാതകത്തിന് ചില്ലറ വില്പന വിലയേക്കാൾ കൂടുതലായി ഈടാക്കുന്നു എന്ന് ഏതെങ്കിലും ഉപഭോക്താക്കൾ പരാതിപ്പെട്ടാൽ ഉടനടി തന്നെ നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ